**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4669** **10-08-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ചെയർമാനായ ബഹു.കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുകയും കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ചു കൂട്ടുകയും പ്രവർത്തനങ്ങൾ വിലയിരുത്തി, തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും സംഘാടനവും ചുമതലയും എന്തെല്ലാമാണ്; | (ബി) | 2000-ലെ സ്പോർട്സ് ആക്ടിന്റെയും 2008-ലെ സ്പോർട്സ് ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും, ജില്ലാ സ്പോർട്സ് കൗൺസിലുകളും പ്രവർത്തിച്ചു വരുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഘടന ചുവടെ ചേർക്കുന്നു. ചെയർമാൻ - ബഹു.കായിക വകുപ്പ് മന്ത്രി പ്രസിഡന്റ് വൈസ് പ്രസിഡന്റ് ജനറൽ ബോഡി അംഗങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ സെക്രട്ടറി ജില്ലാ സ്പോർട്സ് കൗൺസിലുകൾ 1) പ്രസിഡന്റ് 2) വൈസ് പ്രസിഡന്റ് 3) ജനറൽ ബോഡി അംഗങ്ങൾ 4) സെക്രട്ടറി സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും സംഘാടനവും ചുമതലകളും ഉൾപ്പെടുത്തിയിട്ടുള്ള 2000-ലെ സ്പോർട്സ് ആക്ടിന്റെയും 2008-ലെ സ്പോർട്സ് ചട്ടത്തിന്റെയും പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്പോർട്സ് അക്കാദമികൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത അക്കാദമികളെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; | (സി) | ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ സ്പോർട്സ് അക്കാഡമികൾ രജിസ്റ്റർ ചെയ്യുന്നില്ല |
| (ഡി) | വലിയ തുക ഫീസീടാക്കി കച്ചവട താൽപ്പര്യത്തോടെ സ്പോർട്സ് അക്കാദമികൾ രൂപീകരിക്കുന്നുണ്ടോയെന്നും കായികേതര പ്രവർത്തനങ്ങളിലേയ്ക്ക് അക്കാദമികൾ കടക്കുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | സ്പോർട്സ് കൗൺസിലുകൾക്ക് നൽകുന്ന ഫണ്ട്, അവയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2021-22 സാമ്പത്തിക വർഷത്തിൽ 33,40,00,000/-രൂപ പദ്ധതിവിഹിതമായും 16,24,38,000/-രൂപ പദ്ധതിയേതര വിഹിതമായും ക്യാഷ് അവാർഡ് നൽകുന്നതിനായി നോൺ പ്ലാൻ ഹെഡിൽ 1,50,00,000/-രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചുവടെ പറയുന്ന ഫണ്ടുകൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് അനുവദിച്ചു വരുന്നുണ്ട്. 1) ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ദൈനംദിന ചെലവുകൾക്കായി അഡ്മിനിസ്ട്രേഷൻ ഗ്രാന്റ് ഇനത്തിൽ 15,000/-രൂപ വീതം പ്രതിമാസം നൽകി വരുന്നു. 2) പ്രതിവർഷം ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രേഡ് അനുസരിച്ച് അസോസിയേഷൻ ഗ്രാന്റ് ഇനത്തിൽ 1 ലക്ഷം രൂപ വീതം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

# SPORTS ACT 2000

## CHAPTER II

## ESTABLISHMENT OF STATE SPORTS COUNCIL AND ITS FUNCTIONS

**3. Constitution and composition of the Kerala State Sports Council -** (1) As soon as may be after the commencement of this Act, the Government may by notification, constitute with effect from such date, as may be specified in the notification, a State Sports Council to be called "the Kerala State Sports Council".

(2) The State Sports Council shall be a body corporate by the name aforesaid having perpetual succession and a common seal with power, subject to the provisions of this Act and the rules made thereunder to acquire hold and dispose of property, both movable and immovable and to enter into contract and shall by the said name sue and be sued.

(3) The Kerala State Sports Council shall consist of the following members, namely:-

**Ex-officio Members**

(a) The Minister in charge of sports, who shall be the chairman of the State Sports Council;

(b) The Secretary to the Government dealing with Sports Department;

(c) The Finance Secretary (Expenditure);

(d) The Director General of Police;

(e) The Director, Sports and Youth Affairs;

(f) The Director of Public Institution;

(g) The Director of Collegiate, Education;

(h) The Director of Technical Education;

(i) The Director of Higher Secondary Education;

(j) The Director of Vocational Higher Secondary Education;

(k) The Director of Health Services;

(l) The Secretary of the State Sports Council;

(m) The Director of Public Relations.

**Elected Members**

(a) One member each from each of the recognised State Sports Organisation elected by the members of such organization from among themselves.

(b) One member each from each of the District Sports Council elected by the members of such District Sports Councils from among themselves.

(c) One member each from each of the University in the State elected by the members of the General Council of such university unions, from among the captains of the university teams;

(d) Three members elected by the members of the State Legislative Assembly from among themselves through the method of proportional representation by single transferable vote;

(e) One member elected by the Mayors of the Municipal Corporations of the State from among themselves;

(f) One member elected by the Presidents of the District Panchayats of the State from among themselves;

(g) One member elected by the Chairpersons of the Municipal Councils of the State from themselves;

(h) One member elected by the Chairpersons of the Town Panchayats of the State from among themselves;

(i) One member elected by the Presidents of the Block Panchayats of the State from among themselves;

(j) One member elected by the Presidents of the Grama Panchayats of the State from among themselves.

**Nominated Members**

(i) Four Physical Education Directors from the Universities in Kerala;

(ii) Two sports experts having international standard of whom one shall be a woman; and

(iii) A sports correspondent Nominated by Government.

(4) There shall be a President for the State Sports Council nominated by the Government from among its members and a Vice-President elected by the members of the State Sports Council from among the members specified in items (a) and (b) under the heading "elected members" in sub-section (3) in such manner as may be prescribed.

(5) The President and the Vice-President of the State Sports Council shall exercise such powers as may be prescribed.

(6) The State Sports Council shall be reconstituted in every five years

(7) Every member of the State Sports Council other than ex-officio members, shall subject to the provisions of this Act and the rules made thereunder, hold office until the next reconstitution of State Sports Council.

Provided that no member nominated or elected in his capacity as a member of a particular body or as the holder of a particular office shall continue as a member beyond a period of three months after he has ceased to be such member or holder of such office unless he again becomes such members or holder of such office within such period:

Provided further that, the term of office of a member referred to in item (c) under the heading "elected members" shall be one year from the date of his election.

Explanation- For removal of doubts, it is hereby clarified that a member referred to in the preceding proviso shall not cease to be such member solely on the ground that he has ceased to be the captain of university team within the period of one year specified in the said proviso.

(8) No person shall be elected as member consecutively for more than two terms.

**4. Secretary of the State Sports Council -**

(1) The Government shall, in consultation with the President of the State Sports Council, appoint an officer, not below the rank of a Joint Secretary to Government as the Secretary of the State Sports Council.

(2) Subject to the supervision of the State Sports Council, the Secretary shall be the Chief Executive Officer and shall have general control and command over the employees of State Sports Council and the District Sports Councils.

(3) Subject to the provisions of this Act and the rules made thereunder the Secretary shall:-

(i) implement the resolutions of State Sports Council and its Standing Committee;

(ii) incur the expenditure authorised by the President and the Standing Committee;

(iii) make payments by cheques or cash for all the expenses authorised by the State Sports Council;

(iv) be responsible for the safe custody of the fund of the State Sports Council;

(v) keep and maintain accounts of income and expenditure of the State Sports Council;

(vi) keep the records of the meetings and the proceedings of the State Sports Council and Standing Committee; and

(vii) submit returns, accounts, statement and other details when required by the Government or any Audit Officer.

(4) The Secretary may, with the permission of the Standing Committee, and subject to such restrictions and limitations specified by him by an order in writing entrust any of his functions to any official of the State Sports Council.

**5. Duties, powers and functions of the State Sports Council** - (1) The duty of carrying out the provisions of this Act shall subject to the restrictions, conditions and imitations herein contained, be vested in the State Sports Council.

(2) Save as otherwise expressly provided in this Act, the State Sports Council shall have the following powers and functions, namely:-

(a) to organize, co-ordinate, regulate and promote all types of sports in the State;

(b) to establish sports information centres, stadia, pavilions, playgrounds, parks, children"s parks, sports training centres, circus training centres, kalaries and to construct buildings, swimming pools, and pools for water polo and boat race and gymnasia;

(c) to acquire or formally request properties for carrying out all or any of its activities for which the State Sports Council is responsible;

(d) to conduct or organize by the council itself or through District Sports Council, Corporation Sports Council, Municipal Sports Council, Town Sports Council, Block Sports-Council or Village Sports Council or to ensure their participation, in tournaments, competitions, training courses, seminars, coaching centres, exhibitions, tours and other items which help in the promotion of sports and games in the State;

(e) to confer titles, issue certificates or award prizes and scholarships or other benefits, in recognition or for encouragement of sports among students, workers, public servants and others;

(f) to introduce insurance and accident insurance coverage for sportsmen, coaches and referees in the manner as may be prescribed;

(g) to grant assistance by way of loans or otherwise to any person, educational institutions, sports organizations, clubs or associations with a view to promote sports in general or to promote any particular venture or item of sports;

(h) to rise fund generally for carrying on its activities;

(i) to arrange or otherwise make provisions for conducting competitions in sports in the State at national, international, inter-state or local level and to arrange sports tours;

(j) to give grants or funds to educational instructions and recognized sports organizations;

(k) to make arrangements for establishing playgrounds and for providing equipments and facilities for them;

(l) to establish, administer and regulate research centre or centres for development of any sports including adventurous and martial sports;

(m) to establish sports information centres, or centers to collect the statistics and to store the basic data connected with sports and to run libraries and museums connected with sports;

(n) to formulate and implement schemes for the welfare of sportsmen;

(o) to formulate and implement schemes for the welfare of the disabled sportsmen;

(p) to fix criteria for the approval and working of sports associations including the State unit of national sports federation having Central Government recognition.

(q) To do any other act that may be conductive to the furtherance or the objects of this Act;

(r) to exercise the powers and to discharge the functions conferred under this Act or the rules made thereunder.

(3) The State Sports Council may subject to any restrictions and conditions its may be specified by it, delegate its powers and duties under this Act and rules made thereunder to the Standing Committee of the council or its President or Secretary.

**6. Standing Committee of the State Sports Council** - (1) There shall be a Standing Committee for the State Sports Council consisting of the following members, namely:-

(a) President of State Sports Council;

(b) Vice President;

(c) Government

(d) Finance Secretary (Expenditure);

(e) Director of Public Instruction;

(f) Director, Sports and Youth Welfare;

(g) Secretary, State Sports Council;

(h) Five Members elected by the members of the State Sports Council from among the elected members of whom one shall be a member representing the elected members of the District Sports Council and one shall be a sports expert having international standard.

(2) The Standing Committee shall meet in the manner and at such time and at such place as the President of the State Sports Council may decide and shall exercise the powers and discharge the functions, as may be entrusted to it by the State Sports Council.

# സ്പോർട്സ് ചട്ടം 2008

## അദ്ധ്യായം II

### സംസ്ഥാന സ്പോർട്സ് കൗൺസിൽ

1. പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റയും അധികാരങ്ങളും കർത്തവ്യങ്ങളും – (1) പ്രസിഡന്റിന് സംസ്ഥാന സ്പോർടസ് കൗൺസിലിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കാവുന്നതും കൗൺസിലിന്റെ ഉചിതവും ഫലപ്രദവുമായ പ്രവർത്തനത്തിന് ആവശ്യമായേക്കാവുന്ന പ്രകാരമുളള അധികാരങ്ങൽ വിനിയോഗിക്കാവുന്നതും കർത്തവ്യങ്ങൾ നിർവ്വഹിക്കാവുന്നതുമാണ്.

(2) ആക്റ്റിലെയും ഈ ചട്ടങ്ങളിലെയും വ്യവസ്ഥക്ൾക്കനുസൃതമായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങൽ വിളിച്ചു കൂട്ടുവാൻ സെക്രട്ടറിയോട് നിർദ്ദേശിക്കുന്നതിന് പ്രസിഡന്റന് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) വൈസ് പ്രസിഡന്റിന് പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാവുന്നതും അപ്രകാരം പ്രവർത്തിക്കുമ്പോൾ പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി അതതു സമയം അദ്ദേഹത്തെ ഏൽപ്പിച്ചുകൊടുക്കുന്ന പ്രകാരമുളള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(4) പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ കർത്ത്യങ്ങൾ വൈസ് പ്രസിഡന്റ നിർവ്വഹിക്കേണ്ടതാണ്.

2. അംഗങ്ങളെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യൽ–കൗൺസിലിന്റെ എക്സ് ഒഫീഷ്യോ അംഗം ഒഴികെയുളള ഏതൊരംഗത്തെയും അയാൾ,–

(എ) അവിമുക്ത നിർധനനോ;

(ബി) സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റക്കാരനെന്ന് കണ്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനോ;

(സി) ബുദ്ധി സ്ഥിരത ഇല്ലാത്തവനോ;

(ഡി) കൗൺസിലിന്റെ അനുമതി കൂടാതെ കൗൺസിലിന്റ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകതിരിക്കുകയോ;

(ഇ) അയാൾ ഉദ്യോഗത്തിൽ തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമാണെന്ന് സർക്കാരിന് അഭിപ്രയമുണ്ടാകത്തക്ക വിധത്തിൽ കൗൺസിലിലുളള തന്റെ സ്ഥാനം ദുരുപയോഗപ്പെടുത്തുകയോ;

ചെയ്യുന്നപക്ഷം സർക്കാരിന്റെ ഒരു ഉത്തരവ് മുഖേന അയാളെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഒരംഗത്തെയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ ഈ ചട്ടപ്രകാരം നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

3. <u>പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അംഗങ്ങളുടെയും രാജി.</u>-(1) പ്രസിഡന്റിന് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ചെയർമാനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ലിഖിതമായ ഒരു കത്ത് മുഖേന തന്റെ ഉദ്യോഗം രാജി വെയ്ക്കാവുന്നതും രാജി ചെയർമാൻ സ്വീകരിക്കുന്ന തീയതിയിൽ അത് പ്രാബല്യത്തിൽ വരുന്നതുമാണ്.

(2) വൈസ് പ്രസിഡന്റിനോ എക്സ് ഒഫിഷ്യോ അംഗമല്ലാത്ത അംഗത്തിനോ പ്രസിഡന്റിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ലിഖിതമായ ഒരു കത്ത് മുഖേന തന്റെ ഉദ്യോഗം രാജി വെയ്ക്കാവുന്നതും രാജി പ്രസിഡന്റ് സ്വീകരിക്കുന്ന തീയതിയിൽ അത് പ്രാബല്യത്തിൽ വരുന്നതുമാണ്.

4. <u>ആക്സിമിക ഒഴിവുകൾ നികത്തൽ</u> :- എക്സ് ഒഫീഷ്യോ അംഗമല്ലാതെയുള്ള ഏതെങ്കിലും അംഗം രാജി, നീക്കം ചെയ്യൽ, മരണം എന്നിങ്ങനെയുള്ള ഏതെങ്കിലും കാരണത്താൽ അംഗമല്ലാതായി തീരുന്ന പക്ഷം ആ ഒഴിവ്, അതത് സംഗതിപോലെ നാമനിർദ്ദേശമോ തിരഞ്ഞെടുപ്പോ മുഖേന കഴിയുന്നത്ര വേഗത്തിൽ നികത്തേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്ന ആൾ, ആ ഒഴിവ് ഉണ്ടായിരുന്നില്ലെങ്കിൽ, ഏതൊരു അംഗത്തിന്റെ സ്ഥാനത്തേക്കാണോ താൻ നിമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്തത് ആ അംഗം എത്ര കാലം തുടരുമായിരുന്നോ അത്രകാലം മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്.

5. <u>സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u> :- അക്റ്റിൻ കീഴിലുള്ള അധികാരങ്ങൾക്കും കർത്തവ്യങ്ങൾക്കും പുറമേയും ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായും സെക്രട്ടറി താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗക്കുകയും കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്യേണ്ടതാണ്, അതായത്

i. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ജംഗമമോ സ്ഥാവരമോ ആയ എല്ലാ സ്വത്തുക്കളും എല്ലാ പ്രമാണങ്ങളും രേഖകളും പൊതുമുദ്ര എന്നിവയുടെ സൂക്ഷിപ്പുകാരനായി പ്രവർത്തിക്കുക;
ii. സംസ്ഥാന സ്പോർട്സ് കൗൺസിലിലുള്ള എല്ലാ കത്തിടപാടുകളും അപേക്ഷകളും സ്വീകരിക്കുക;
iii. സംസ്ഥാന സ്പോർട്സ് കൗൺസിലിന് വേണ്ടിയോ അതിന്റെ താൽപ്പര്യത്തിലേക്കോ അന്യായങ്ങളോ മറ്റ് നിയമ നടപടികളോ നടത്തുകയോ പ്രതിവാദം നടത്തുകയും അപ്രകാരമുള്ള നടപടികളിലെ എല്ലാ ബാദ്ധ്യതകളും നിവേറ്റുകയും ചെയ്യുക;
iv. സംസ്ഥാന സ്പോർട്സ് കൗൺസിൽ കക്ഷിയായിട്ടുള്ള എല്ലാ നിയമ നടപടികളിലും കരാറുകളിലും കൗൺസിലിനെ പ്രതിനിധാനം ചെയ്യുക;
v. കൗൺസിലിന്റെ അധികാരിതയിൽ കീഴിൽ വരുന്ന എല്ലാ പ്രമാണങ്ങളിലും ഒപ്പു വെയ്ക്കുക;
vi. പ്രസിഡണ്ടുമായി കൂടിയാലോചിച്ചുകൊണ്ടോ പ്രസിഡണ്ട് നിർദ്ദേശിക്കുന്ന പ്രകാരമോ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും യോഗങ്ങൾ വിളിച്ചുകൂട്ടുകയും യോഗത്തിനുള്ള അജണ്ട തയ്യാറാക്കുകയും ചെയ്യുക;
vii. കൗൺസിലിന്റെ ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുക;

viii. കരട് വാർഷിക റിപ്പോർട്ട് സ്റ്റാൻഡിംഗ് കമ്മിറ്റിയിലും സംസ്ഥാന സ്പോർട്സ് കൗൺസിലിനും സമർപ്പിക്കുകയും അംഗീകൃത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

ix. തന്നാണ്ടത്തെ ആഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും അംഗീകാരത്തിനായി വെയ്ക്കുകയും അംഗീകൃത അക്കൗണ്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

x. കൗൺസിലിന്റെ തുടർന്നു വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും മുമ്പാകെ വയ്ക്കുക;

xi. നടപ്പു വർഷത്തെ പരിഷ്കരിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും മുമ്പാകെ വയ്ക്കുക.

xii. യോഗത്തിന്റെ തിയതി വരെയുള്ള എല്ലാ പ്രധാന കത്തിടപാടുകളും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ മുമ്പാകെ വയ്ക്കുക.

xiii. ജീവനക്കാരെ സംബന്ധിച്ച് ശിക്ഷണ നടപടി ഉൾപ്പെടെയുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കുക.

xiv. തന്റെ കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുക.

xv. സംസ്ഥാന സ്പോർട്സ് കൗൺസിലോ സ്റ്റാൻഡിംഗ് കമ്മിറ്റിയോ തനിക്ക് ഏൽപ്പിച്ചു തരുന്ന പ്രകാരമുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

# സ്പോർട്സ് ചട്ടം 2008

## അധ്യായം III

### ജില്ലാ സ്പോർട്സ് കൗൺസിൽ

28. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അധികാരങ്ങളും കർത്തവ്യങ്ങളും – (1) ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും യോഗങ്ങളുടെ ഉചിതവും ഫലപ്രദവുമായ നടത്തിപ്പിന് അവശ്യമായേക്കാവുന്ന അധികാരങ്ങൾ വിനിയോഗിക്കാവുന്നതും കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്..

(2) പ്രസിഡന്റ് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ചുമതല വഹിക്കേണ്ടതും ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ദൈനംദിന ഭരണ നിർവ്വഹണത്തിന്റെ ആവശ്യത്തിലേക്ക് സെക്രട്ടറിക്കു നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

(3) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങൾ ആക്റ്റിന്റെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങിളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി വിളിച്ചുകൂട്ടുവാൻ അതിന്റെ സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് പ്രസിഡന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുയേയും യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും അപ്രകാരം പ്രവർത്തിക്കുമ്പോൾ അദ്ദേഹത്തിന് പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും പ്രസിഡന്റ് അതതു സമയം തന്നെ ഏല്പിക്കുന്ന പ്രകാരമുള്ള മറ്റു കർത്തവ്യങ്ങൾ വൈസ് പ്രസിഡന്റ് നിർവ്വഹിക്കേണ്ടതുമാണ്.

29. അംഗങ്ങളെ ഉദ്യോഗത്തിൽ നിന്ന് നിക്കം ചെയ്യലും പ്രസിഡന്റ്, വൈസ് പ്രസിഡൻ് അംഗങ്ങൾ എന്നിവരുടെ രാജിവയ്ക്കലും – അംഗങ്ങളെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതും, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവർ രാജി വയ്ക്കുന്നതും സംബന്ധിച്ച് ഈ ചട്ടങ്ങളിലെ യഥാക്രമം 4–ാം ചട്ടത്തിലും 5–ാം ചട്ടത്തിലും ഉള്ള വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടെ ബാധകമായിരിക്കുന്നതാണ്.

30. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും – ആക്റ്റിൻ കീഴിലുള്ള അധികാരങ്ങൾക്കും, കർത്തവ്യങ്ങൾക്കും പുറമെയും അതിലെ വ്യവസ്ഥകൾക്കു വിധേയമായും, സെക്രട്ടറിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. അതാതയത് –

i. ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റയുടേയും മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി, ജില്ലാ സ്പോർട്സ് കൗണസിലിന്റെ ദൈനംദിന ഭരണം ആക്ടിലേയും ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി നിർവ്വഹിക്കേണ്ടതാണ്.

ii. കൗൺസിലിന്റെ ബാങ്ക് അക്കൗണ്ടുകൾ പ്രസിഡന്റും സെറകട്ടറിയും സറയുക്തമായി ഓപ്പറേറ്റ് ചെയ്യേണ്ടതും പ്രസിഡന്റിന്റെ സ്ഥാനം ഒഴിഞ്ഞു കിടക്കുമ്പോൾ വൈസ് പ്രസി

ഡന്റും സെക്രട്ടറിയും സംയുക്തമായി ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതുമാണ്.

iii. കൗൺസിലിന്റെ ജംഗമവും സ്ഥാവരവും ആയ എല്ലാ സ്വത്തുക്കളുടേയും എല്ലാ പ്രമാണങ്ങളുടേയും രേഖകളുടേയും പൊതു മുദ്രയുടെയും സൂക്ഷിപ്പുകാരനായി പ്രവർത്തിക്കുക.

iv. കൗൺസിലിനുവേണ്ടി അന്യായങ്ങളും മറ്റു നിയമ നടപടികളും നടത്തുകയും പ്രതിവാദം നടത്തുകയും അപ്രകാരമുള്ള നടപടികളിലെ എല്ലാ ബാദ്ധ്യതകളും നിറവേറ്റുകയും ചെയ്യുക.

v. കൗൺസിലിന്റെ അധികാര പരിധിയിൽ പെടുന്ന എല്ലാ പ്രമാണങ്ങളിലും ഒപ്പുവയ്ക്കുക.

S.O